ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്നവർക്ക് പ്രതിമാസം ശമ്പളത്തോടൊപ്പം 250 രൂപ അലവൻസ് കൂടി നൽകിവരികയാണ്. ടി തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി)&(ഡി) പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഉൾപ്പെടെ ഭരണപരമായി വിവിധ കാര്യങ്ങൾ പരിശോധിക്കേണ്ടതുള്ളതിനാലാണ് ആയതിന് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന് വ്യക്തമാക്കിയത്. തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും ന്യായമായ വേതനം നൽകാൻ നടപടി

105 [3631] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ കേരളത്തിലെ പ്രീ- പ്രൈമറി വിദ്യാഭ്യാസവും കൂടി ഉൾപ്പെടുത്തുവാനും തെരഞ്ഞെടുക്കപ്പെട്ട ലോവർ പ്രൈമറി സ്കൂളുകളോടൊപ്പം പ്രീ-പ്രൈമറി വിഭാഗംകൂടി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ;

(ബി) അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകളുടെ മേൽനോട്ടത്തിൽ പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ന്യായമായ വേതനം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയിൽ എലിമെന്ററി വിദ്യാഭ്യാസം മാത്രമേ ഉൾപ്പെടുന്നുള്ളു. (1 മുതൽ 4 വരെ)

(ബി) കേന്ദ്ര ഗവൺമെന്റിനോട് ഇക്കാര്യം ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly